**<u>15 -ാം കേരള നിയമസഭ</u>**

**<u>10 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1887</u>** **<u>02-02-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ഗതാഗത വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഗതാഗത വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ എത്ര കരാർ നിയമനങ്ങൾ നടന്നിട്ടുണ്ടെന്നും എത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും എത്ര നിയമനങ്ങൾ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നടത്തിയിട്ടുണ്ടെന്നും വർഷം/ ഇനം തിരിച്ചുള്ള കണക്കു വിശദമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ കെ.എസ്.ആർ.ടി.സി യിൽ നാളിതുവരെ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചവരുടെ എണ്ണം – 91, നിലവിൽ സേവനം അനുഷ്ഠിക്കുന്നവരുടെ എണ്ണം 23 പേർ (31.01.2024 വരെയുള്ള കണക്ക് പ്രകാരം). എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്തിയിട്ടില്ല. കെഎസ്ആർടിസി-സ്വിഫ്റ്റ് ലിമിറ്റഡ് എന്ന സ്വതന്ത്ര കമ്പനി 19.11.2021 ന് രൂപീകരിച്ചതിനു ശേഷം പ്രൊഫഷണൽ സീനിയർ മാനേജർ തസ്തികകളിൽ കരാറിൽ നിയമിക്കപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>1. ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ) – 1<br><br>2. ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻ) – 1<br><br>കൂടാതെ, കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിലെ കരാറിൽ നിയമിച്ച് നിലവിൽ ജോലി ചെയ്യുന്നവരുടെ വിവരം:<br><br>1.. ഡ്രൈവർ കം കണ്ടക്ടർ - 1127<br><br>2. ഡ്രൈവർ - 53<br><br>3.കണ്ടക്ടർ - 69<br><br>4.വനിത ഡ്രൈവർ കം കണ്ടക്ടർ-1<br><br>5. വനിത ഡ്രൈവർ - 4<br><br>6. വനിത കണ്ടക്ടർ - 2<br><br>സ്വിഫ്റ്റിന്റെ കരാറിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിട്ടുള്ള ഡ്രൈവർ കം കണ്ടക്ടർ തസ്തികയിൽ 4 പേരും വനിത ഡ്രൈവർ തസ്തികയിൽ ഒരാളും ജോലി ചെയ്യുന്നു. |

മോട്ടോർ വാഹന വകുപ്പിൽ കരാർ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുള്ളത് സിസ്റ്റം സൂപ്പർവൈസർ തസ്തികയിലാണ്. പത്ര പരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത നിയമനം നടത്തിയിട്ടുള്ളത്. പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനമൊന്നും നടത്തിയിട്ടില്ലാത്തതാണ്. വകുപ്പിലെ ഓഫീസുകളിൽ താൽക്കാലിക ഡ്രൈവർ, താൽക്കാലിക അറ്റൻഡന്റ് തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നിയമനം നടത്തുന്നത്. വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. **(അനുബന്ധം I )**

സംസ്ഥാന ജലഗതാഗത വകുപ്പിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതു വരെ വകുപ്പിൽ കരാർ നിയമനങ്ങളോ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളോ നടത്തിയിട്ടില്ല. മേൽ പറഞ്ഞ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുള്ള താൽക്കാലിക നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. **(അനുബന്ധം II)**

കെ.ആർ.ഡി.സി.എൽ ൽ ഹ്രസ്വ കാലയളവിലേയ്ക്ക് പദ്ധതികളുടെ സ്വഭാവമനുസരിച്ച് പരിചയസമ്പന്നരായ സാങ്കേതിക വിദഗ്ധരെ ആണ് കൂടുതലും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നത്. റെയിൽവേ , മെട്രോ റെയിൽ തുടങ്ങിയ റെയിൽ അടിസ്ഥാനമായുള്ള സ്ഥാപനങ്ങളിൽ നിന്നും പ്രവർത്തി പരിചയം നേടിയവരുടെ സേവനം കരാർ വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നിയമനങ്ങൾ നടത്തിയിട്ടില്ല. നിലവിൽ ആകെ 26 പേരാണ് കരാർ വ്യവസ്ഥയിൽ തുടരുന്നത്. കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട തസ്തികകളുടെ വർഷാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. **(അനുബന്ധം III)**

കെ.എം.ആർ.എൽ ൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതു വരെയുള്ള നിയമനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. **(അനുബന്ധം IV)**

കെ.ടി.ഡി.എഫ്.സി യിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതു വരെയുള്ള നിയമനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു **(അനുബന്ധം V ).** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് / പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ

| | | | |
|---|---|---|---|
| | | | നിന്നു ലഭിക്കുന്ന പട്ടികയിലെ ഉദ്യോഗാർത്ഥികളെ കൂടി ഉൾപ്പെടുത്തിയാണ് നിയമനപ്രക്രിയ നടത്തി വരുന്നത്.<br><br>മുൻ സർക്കാരിന്റെ കാലത്ത് കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിൽ 5 പേരെ കരാറടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ആയതിൽ നിലവിൽ 2 പേർ സേവനമനുഷ്ഠിക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2018 ൽ ഒരു ഡ്രൈവറെ നിയമിച്ചിട്ടുണ്ട്. ശ്രീ ചിത്തിര തിരുന്നാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോളേജിലെ പ്രിൻസിപ്പൽ തസ്തിക കരാർ നിയമനമാണ്. |
| (ബി) | പ്രസ്തുത കാലത്തു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന അല്ലാതെ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് അവലംബിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദാംശം ലഭ്യമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സിയെ കുറിച്ച് പഠനം നടത്തിയ IIM കൊൽക്കത്തയിലെ റിട്ട. പ്രൊഫസറായ ശ്രീ.സുശീൽ ഖന്ന സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി യിൽ പ്രൊഫഷണലിസം കൊണ്ട് വരുന്നതിന്റെ ഭാഗമായി കരാർ / താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത തസ്തികളെല്ലാം തന്നെ താൽക്കാലിക അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ടുകയും, സ്പെഷ്യൽ റൂൾ നിലവിലില്ലാത്ത ടി തസ്തികകൾ പി.എസ്.സി മുഖാന്തിരം സ്ഥിരം നിയമനത്തിന് സാധിക്കാത്തിനാലും പ്രസ്തുത തസ്തികകൾ കെ.എസ്.ആർ.ടി.സിയിൽ അത്യന്താപേക്ഷിതമായതിനാലും, യോഗ്യതകൾ നിശ്ചയിച്ച് കരാർ അടിസ്ഥാനത്തിൽ മാനേജർ/ ഡെപ്യൂട്ടി മാനേജർ തസ്തികയിൽ ഭരണസമിതിയുടെ അംഗീകാരത്തോട്ടു കൂടി നിയമനം നടത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ കരാർ വ്യവസ്ഥയിൽ നേരിട്ടും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനങ്ങൾ നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ടെവലപ്മെന്റിനെ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ ഭരണ സമിതി തീരുമാന പ്രകാരം ചുമതലപ്പെടുത്തി. അതിൻ പ്രകാരം യോഗ്യത നിർണയിക്കുന്നതിനായി എഴുത്ത് പരീക്ഷ/ അഭിമുഖം, ഡ്രൈവിംഗ് ടെസ്റ്റ് എന്നിവ നടത്തിയാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.<br><br>03/12/2012-ലെ ജി.ഒ.(ആർ.ടി.)58/2012/ ട്രാൻസ് പ്രകാരം മോട്ടോർ വാഹന വകുപ്പിൽ സിസ്റ്റം സൂപ്പർവൈസർ തസ്തികയിൽ കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നു. 05/06/2020-ലെ ജി.ഒ.(ആർ.ടി.)190/2020/ട്രാൻസ് ഉത്തരവ് പ്രകാരം പത്രപ്പരസ്യം മുഖേന ലഭിച്ച അപേക്ഷകളിൽ നിന്നും |

യോഗ്യരായ ഉദ്യോഗാർത്ഥികളെ കൂടിക്കാഴ്ച നടത്തി തയ്യാറാക്കിയ പട്ടികയിലെ ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിയെ പ്രതിമാസം 20,000/- രൂപ കൺസോളിഡേറ്റഡ് പേയിൽ കരാർ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ചിരുന്നു.
സംസ്ഥാന ജലഗതാഗത വകുപ്പിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും അല്ലാതെ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

കെ.ആർ.ഡി.സി.എൽ ൽ പത്രങ്ങളിലും കമ്പനിയുടെ വെബ് സൈറ്റിലും വിജ്ഞാപനം പുറപ്പെടുവിച്ച് കൊണ്ട് ഓപ്പൺ മാർക്കറ്റ് വഴി ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നു. കേന്ദ്ര സംസ്ഥാന വകുപ്പുകളിൽ നിന്നും വിരമിച്ച വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള സാങ്കേതിക വിദഗ്ധരെ / ഉദ്യോഗസ്ഥരെ പുന:നിയമനാടിസ്ഥാനത്തിൽ നിയമിക്കാറുള്ളതും വിജ്ഞാപനം പുറപ്പെടുവിച്ച് കൊണ്ടാണ്.

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ KMRL ഡയറക്ടർ ബോർഡ് അംഗീകരിച്ച KMRL Recruitment Conditions of Service Rules പ്രകാരം പൊതുവെ പ്രൊജക്ട് വിഭാഗത്തിലെ നിയമനങ്ങൾ എല്ലാം കരാർ അടിസ്ഥാനത്തിലും, ഓപ്പറേഷൻസ് വിഭാഗത്തിലെ നിയമനങ്ങൾ എല്ലാം സ്ഥിര അടിസ്ഥാനത്തിലും കേന്ദ്ര റിസർവേഷൻ നിയമനങ്ങൾ പാലിച്ചാണ് നടപ്പിലാക്കുന്നത്.

കെ.ടി.ഡി.എഫ്.സി യുടെ കരട് നിയമന ചട്ടങ്ങൾ നിലവിൽ പരിഗണനയിൽ ആയതിനാൽ കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്ക് പത്രപരസ്യം നൽകുകയും ഔദ്യോഗിക വെബ് സൈറ്റിൽ പരസ്യപ്പെടുത്തുകയും ചെയ്യുന്നതു കൂടാതെ എംപ്ലോയ്മെന്റ് / പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടിക കൂടി ലഭ്യമാക്കിക്കൊണ്ട് എഴുത്തു പരീക്ഷ/ അഭിമുഖം എന്നിവ നടത്തിയാണ് നിയമനനടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്.

അടിയന്തര സാഹചര്യത്തിൽ കാര്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായിട്ടാണ് കെ.ആർ.എസ്.എ യിൽ നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

സെൽഫ് ഫിനാൻസിങ് എൻജിനീയറിങ് കോളേജായ ശ്രീ ചിത്ര തിരുനാൾ എൻജിനീയറിങ് കോളേജിൽ നിയമനങ്ങൾ PSC വഴിയല്ല നടത്തുന്നത്. ഭരണസമിതി തീരുമാനപ്രകാരവും

| | | | |
|---|---|---|---|
| | | | കൊളേജിന്റെ സർവീസ് റൂൾസ് പ്രകാരവും അപേക്ഷ ക്ഷണിച്ച്, എഴുത്തു പരീക്ഷ, ഇന്റർവ്യൂ നടത്തി ആണ് നിയമനങ്ങൾ നടത്തുന്നത്. സ്ഥിര നിയമനങ്ങൾ റിസർവേഷൻ തത്വങ്ങൾ പാലിച്ചാണ് നടത്തുന്നത്. കരാർ നിയമനങ്ങളിൽ കോളേജിന്റെ ഭരണസമിതിയുടെ തീരുമാനപ്രകാരവും സർവീസ് റൂൾസ് പ്രകാരവും പത്രത്തിൽ പരസ്യം നൽകി, ഭരണസമിതി രൂപീകരിച്ച ഇന്റർവ്യൂ ബോർഡ്, ഇന്റർവ്യൂ നടത്തി മികവിന്റെ അടിസ്ഥനത്തിലാണ് നിയമനം നല്കുന്നത്. ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോളേജിലെ പ്രിൻസിപ്പൽ തസ്തിക അടിയന്തര സാഹചര്യം കണക്കിലെടുത്ത് നടത്തിയ കരാർ നിയമനമാണ്. മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഈ സ്ഥാപനത്തിൽ നടന്ന അഡ്ഹോക് അധ്യാപകരുടെ ഉൾപ്പടെയുള്ള വിവരങ്ങൾ ഇനി പറയും പ്രകാരമാണ് - 2016 – 19, 2017–29, 2018 – 35, 2019-22, 2020 – 18, 2021 - 14, 2022-38, 2023 – 57. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന അല്ലാതെ നടത്തിയ നിയമനങ്ങളിൽ റിസർവേഷൻ തത്ത്വങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി യിൽ പി.എസ്.സി മുഖാന്തിരം സ്ഥിരം നിയമനത്തിന് ശുപാർശ ചെയ്തിട്ടി ല്ലാത്ത തസ്തികകളായതിനാൽ തന്നെ താൽക്കാലിക നിയമനം നാമ മാത്രമായാണ് നടത്തി വരുന്നത്. ഇത്തരം സാഹചര്യത്തിൽ റാങ്ക് ലിസ്റ്റിൽ ഉന്നത റാങ്ക് നേടുന്നയാൾക്ക് നിയമനം നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ റിസർവേഷൻ തത്വങ്ങൾ പാലിച്ചിട്ടില്ല. സ്വിഫ്റ്റിലെ നിയമന നടപടികൾക്കായി സെന്റർ ഫോർ മാനേജ്മന്റ് ഡെവലപ്പ്മെന്റ് (CMD) നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. സർവീസ് നടത്തുന്നതിനായി ആവശ്യമുള്ള ജീവനക്കാരെ ലഭ്യമാക്കുന്നതിനായി ടി നിയമനങ്ങളിൽ അപേക്ഷിച്ചവരിൽ യോഗ്യത നേടിയ മുഴുവൻ പേരെയും നിയോഗിച്ചിട്ടുണ്ട്.<br><br>03/12/2012-ലെ ജി.ഒ.(ആർ.ടി.)58/2012/ ട്രാൻസ് പ്രകാരം മോട്ടോർ വാഹന വകുപ്പിൽ സിസ്റ്റം സൂപ്പർവൈസർ തസ്തികയിൽ കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നു. 05/06/2020-ലെ ജി.ഒ.(ആർ.ടി.)190/2020/ട്രാൻസ് ഉത്തരവ് പ്രകാരം പത്രപ്പരസ്യം മുഖേന ലഭിച്ച അപേക്ഷകളിൽ നിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളെ കൂടിക്കാഴ്ച നടത്തി തയ്യാറാക്കിയ പട്ടികയിലെ ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിയെ പ്രതിമാസം 20,000/- രൂപ |

കൺസോളിഡേറ്റഡ് പേയിൽ കരാർ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ചിരുന്നു.

സംസ്ഥാന ജലഗതാഗത വകുപ്പിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും അല്ലാതെ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

കെ.ആർ.ഡി.സി.എൽ ൽ ഡെപ്യൂട്ടേഷൻ നിയമനങ്ങളിൽ സംവരണ തത്ത്വങ്ങൾ പിൻതുടർന്നിട്ടില്ല. സ്ഥിര നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ട്. ഹ്രസ്വ കാലയളവിലേയ്ക്ക് പദ്ധതികളുടെ സ്വഭാവമനുസരിച്ച് പരിചയസമ്പന്നരായ സാങ്കേതിക വിദഗ്ധരെയാണ് ആണ് കെ.ആർ.ഡി.സി.എൽ കൂടുതലും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നത്. റെയിൽവേ , മെട്രോ റെയിൽ തുടങ്ങിയ റെയിൽ അടിസ്ഥാനമായുള്ള സ്ഥാപനങ്ങളിൽ നിന്നും പ്രവർത്തി പരിചയം നേടിയവരുടെ സേവനം കരാർ വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം ഹ്രസ്വകാല നിയമനങ്ങളിൽ സംവരണ തത്വം പരിഗണിച്ചിട്ടില്ല.

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ KMRL ഡയറക്ടർ ബോർഡ് അംഗീകരിച്ച KMRL Recruitment Conditions of Service Rules പ്രകാരം പൊതുവെ പ്രൊജക്ട് വിഭാഗത്തിലെ നിയമനങ്ങൾ എല്ലാം കരാർ അടിസ്ഥാനത്തിലും, ഓപ്പറേഷൻസ് വിഭാഗത്തിലെ നിയമനങ്ങൾ എല്ലാം സ്ഥിര അടിസ്ഥാനത്തിലും കേന്ദ്ര റിസർവേഷൻ നിയമനങ്ങൾ പാലിച്ചാണ് നടപ്പിലാക്കുന്നത്.

കെ.ടി.ഡി.എഫ്.സി യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന അല്ലാതെ നടത്തിയ നിയമനങ്ങളിൽ റിസർവ്വേഷൻ തത്ത്വങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല.

അടിയന്തര സാഹചര്യത്തിൽ കാര്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായിട്ടാണ് കെ.ആർ.എസ്.എ യിൽ നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

സെൽഫ് ഫിനാൻസിങ് എൻജിനീയറിങ് കോളേജായ ശ്രീ ചിത്ര തിരുനാൾ എൻജിനീയറിങ് കോളേജിൽ നിയമനങ്ങൾ PSC വഴിയല്ല നടത്തുന്നത്. ഭരണസമിതി തീരുമാനപ്രകാരവും കോളേജിന്റെ സർവീസ് റൂൾസ് പ്രകാരവും അപേക്ഷ ക്ഷണിച്ച്, എഴുത്തു പരീക്ഷ, ഇന്റർവ്യൂ നടത്തി ആണ്

| | | | |
|---|---|---|---|
| | | | നിയമനങ്ങൾ നടത്തുന്നത്. സ്ഥിര നിയമനങ്ങൾ റിസർവേഷൻ തത്വങ്ങൾ പാലിച്ചാണ് നടത്തുന്നത്. കരാർ നിയമനങ്ങളിൽ കോളേജിന്റെ ഭരണസമിതിയുടെ തീരുമാനപ്രകാരവും സർവീസ് റൂൾസ് പ്രകാരവും പത്രത്തിൽ പരസ്യം നൽകി, ഭരണസമിതി രൂപീകരിച്ച ഇന്റർവ്യൂ ബോർഡ്, ഇന്റർവ്യൂ നടത്തി മികവിന്റെ അടിസ്ഥനത്തിലാണ് നിയമനം നല്കുന്നത്. ശ്രീ ചിത്തിര തിരുന്നാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോളേജിലെ പ്രിൻസിപ്പൽ തസ്തിക അടിയന്തര സാഹചര്യം കണക്കിലെടുത്ത് നടത്തിയ കരാർ നിയമനമാണ്. മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഈ സ്ഥാപനത്തിൽ നടന്ന അഡ്ഹോക് അധ്യാപകരുടെ ഉൾപ്പടെയുള്ള വിവരങ്ങൾ ഇനി പറയും പ്രകാരമാണ്-2016 –19, 2017–29, 2018–35, 2019-22, 2020–18, 2021 - 14, 2022- 38, 2023 – 57. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

**സംസ്ഥാന മോട്ടോർ വാഹന വകുപ്പ്**

| ക്രമ നം. | വർഷം | നിയമനങ്ങൾ |
|---|---|---|
| 1 | 2016 | 28 |
| 2 | 2017 | 32 |
| 3 | 2018 | 31 |
| 4 | 2019 | 39 |
| 5 | 2020 | 41 |
| 6 | 2021 | 49 |
| 7 | 2022 | 67 |
| 8 | 2023 | 51 |
| 9 | 2024 | 3 |

## അനുബന്ധം II

## സംസ്ഥാന ജലഗതാഗത വകുപ്പ്

| ക്രമ നം | വർഷം | നിയമനങ്ങൾ |
|---|---|---|
| 1 | 2016 | 27 |
| 2 | 2017 | 3 |
| 3 | 2018 | Nil |
| 4 | 2019 | 14 |
| 5 | 2020 | 26 |
| 6 | 2021 | 9 |
| 7 | 2022 | 59 |
| 8 | 2023 മുതൽ നാളിതുവരെ | 61 |
| | ആകെ | 199 |

# <u>അനുബന്ധം III</u>

## <u>കെ.ആർ.ഡി.സി.എൽ</u>

| ക്രമ നം. | വർഷം | നിയമനങ്ങൾ |
|---|---|---|
| 1 | 2017 | 2 |
| 2 | 2018 | 12 |
| 3 | 2019 | 6 |
| 4 | 2020 | 7 |
| 5 | 2021 | 9 |
| 6 | 2022 | 2 |
| 7 | 2023 | 9 |

# **അനുബന്ധം IV**

## **കെ.എം.ആർ.എൽ**

| ക്രമ നം. | വർഷം | കരാർ നിയമനങ്ങൾ | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾ |
|---|---|---|---|
| 1 | 2016 | 14 | Nil |
| 2 | 2017 | 14 | Nil |
| 3 | 2018 | 5 | Nil |
| 4 | 2019 | Nil | 22 |
| 5 | 2020 | Nil | Nil |
| 6 | 2021 | 1 | Nil |
| 7 | 2022 | 1 | 25 |
| 8 | 2023 | 21 | 11 |
| 9 | 2024 | Nil | 5 |

<u>**അനുബന്ധം V**</u>

**കെ.ടി.ഡി.എഫ്.സി**

| ക്രമ നം. | വർഷം | നിയമനങ്ങളുടെ എണ്ണം | എംപ്ലോയ്മെൻറ്/ പ്രൊഫഷണൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന ലഭിച്ച പട്ടികയിൽ നിന്നും നിയമനം ലഭിച്ച ഉദ്യോഗാർത്ഥി കളുടെ എണ്ണം |
|---|---|---|---|
| 1 | 2016 | 3 | - |
| 2 | 2017 | 7 | - |
| 3 | 2018 | 20 | - |
| 4 | 2019 | 5 | - |
| 5 | 2020 | 3 | - |
| 6 | 2021 | 3 | 1 |
| 7 | 2022 | 2 | - |
| 8 | 2023 | 4 | 1 |
| 9 | 2024 | 0 | - |
| | ആകെ | 47 | 2 |

# GOVERNMENT OF KERALA

## Abstract

Sree Chitra Thirunal College of Engineering- Appointment of Dr.C.Sathish Kumar as Principal on contract basis-Orders issued.

---

## TRANSPORT(A) DEPARTMENT

G.O.(Rt)No.323/2023/TRANS Dated,Thiruvananthapuram, 26-07-2023

---

Read- G.O(Rt)No.02/2023/Trans dated 04.01.2023.

## ORDER

Dr.C.Sathish Kumar,Sahaja Sadanam, Perissery P.O, Chengannur, Alapuzha) is appointed as the Principal, Sree Chitra Thirunal College of Engineering on contract basis for a period of three years, in accordance with the Service Rules of the Insitution, subject to ratification of the Board of Governors of the College.

2. Dr. Sheeja M.K., the present Principal(I/c), Sree Chitra Thirunal College of Engineering is relieved of the charges of the Principal on joining of Dr. C.Sathish Kumar as Principal.

(By order of the Governor)
BIJU PRABHAKAR
SECRETARY

To:

The Principal, Sree Chitra Thirunal College of Engineering, Thiruvananthapuram.

Dr.C.Sathish Kumar,Sahaja Sadanam, Perissery P.O, Chengannur,

Alapuzha.

Dr. Sheeja M.K., Professor in Electronics & Communication Engineering, Sree Chitra Thirunal College of Engineering, Thiruvananthapuram.

The Director, Technical Education Department, Thiruvananthapuram.

The Accountant General (Audit /A&E) Kerala, Thiruvananthapuram.

Higher Education Department.

The Information & Public Relation (Web & New Media) Department.

Stock file / Office copy.

Forwarded /By order

Section Officer

Copy to – APS to Minister, Transport Department.

PA to Secretary, Transport Department.